പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം :291 — 1.12.2014-ൽ മറുപടിയ്ക്ക്

വനശ്രീ വിപണന കേന്ദ്രങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി.മമ്മൂട്ടി | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ (വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്ട്സും സിനിമയും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് വനശ്രീ വിപണന കേന്ദ്രങ്ങൾ എവിടെയൊക്കെയാണ് പ്രവർത്തിക്കുന്നത് ; ഇവയുടെ ഘടന വിവരിക്കാമോ ; ഇവയുടെ നിയന്ത്രണം ആർക്കാണെന്നറിയിക്കുമോ ; | എ) സംസ്ഥാനത്ത് നിലവിൽ 37 വനശ്രീ വിപണന കേന്ദ്രങ്ങൾ 23 വന വികാസ ഏജൻസികളിൽ പ്രവർത്തിച്ചു വരുന്നു. (ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു). അതാത് വന വികാസ ഏജൻസി ചീഫ് എക്സിക്യൂട്ടീവ് ഓഫീസർമാരായ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാരുടെ ചുമതലയിലാണ് വനശ്രീ വിപണന കേന്ദ്രങ്ങൾ പ്രവർത്തനം നടത്തുന്നത്.<br><br>വനവാസികളിൽ നിന്നും ശേഖരിക്കുന്ന ചെറുകിട വന വിഭവങ്ങൾ മൂല്യവർദ്ധനവ് നടത്തി സ്റ്റാളുകൾ വഴി വിറ്റുവരുന്നു. വന വികാസ ഏജൻസികളുടെ കീഴിൽ വരുന്ന വന സംരക്ഷണ സമിതികൾ, ഇക്കോഡവലപ്പ്മെന്റ് കമ്മിറ്റികൾ എന്നിവയുടെ നിയന്ത്രണത്തിൽ ശേഖരണം, മൂല്യവർദ്ധന, വിപണനം എന്നീ വിഭാഗങ്ങളിലായി വനശ്രീ പ്രവർത്തിക്കുന്നു. |
| ബി) ഇവയിലൂടെ വിപണനത്തിനാവശ്യമായ ഉല്പന്നങ്ങൾ സമാഹരിക്കുന്ന രീതി വിശദമാക്കുമോ ; | ബി) അതാത് വന സംരക്ഷണ സമിതി/ഇക്കോഡവലപ്പ്മെന്റ് കമ്മിറ്റികളിലെ അദിവാസികൾ ശേഖരിക്കുന്ന ചെറുകിട വനോൽപ്പന്നങ്ങൾക്ക് ന്യായമായ വില നൽകി ആദ്യഘട്ടത്തിൽ സംഭരിക്കുന്നു. ഈ ഉൽപ്പന്നങ്ങൾ മൂല്യവർദ്ധന നടത്തി വനശ്രീ കേന്ദ്രങ്ങളിലൂടെ വില്പന നടത്തി ലഭിക്കുന്ന ലാഭത്തിന്റെ പങ്ക് ശേഖരണത്തിലേർപ്പെടുന്ന ആദിവാസികൾക്ക് നൽകുന്നു. |

സി) ഇതിൽ പൂർണ്ണമായും സുതാര്യത ഉറപ്പാക്കാൻ സത്വര നടപടി സ്വീകരിക്കുമോ ;

സി) ശേഖരണം, മൂല്യവർദ്ധന, വിപണനം, വില നൽകൽ, ചെലവിനങ്ങൾ, വില്പന തുക വരവ് വയ്ക്കൽ ഇവ വന വികാസ ഏജൻസികളുടെ നിയന്ത്രണത്തിൽ വന സംരക്ഷണ സമിതികൾ, ഇക്കോഡവലപ്പ്മെന്റ് കമ്മിറ്റികൾ എന്നിവ വഴി സുതാര്യമായി നടന്നു വരുന്നു. കണക്കുകൾ ഓഡിറ്റ് ചെയ്യുന്നുണ്ട്.

ഡി) പ്രസ്തുത വിപണന കേന്ദ്രങ്ങളിലെ ഉൽപ്പന്നങ്ങൾക്ക് ഉപഭോക്താക്കളിൽ നിന്ന് ഇതേ മേഖലയിലെ മറ്റ് വിപണന സ്ഥാപനങ്ങളെക്കാൾ ഉയർന്ന വില ഈടാക്കുന്നതായ വിവരം ഗൗരവമായി പരിശോധിക്കുമോ ?

ഡി) വനശ്രീ ഉൽപ്പന്നങ്ങൾക്ക് അവയുടെ പരിശുദ്ധിയുടേയും ഗുണനിലവാരത്തിന്റേയും അടിസ്ഥാനത്തിൽ ഇവയുടെ ശേഖരണം, മൂല്യവർദ്ധന, വിപണന പ്രക്രിയയിൽ ഉൾപ്പെട്ടിട്ടുള്ള വനാശ്രിത സമൂഹത്തിന്റെ കൂട്ടായ്മയായ വന സംരക്ഷണ സമിതികൾ, ഇക്കോഡവലപ്പ്മെന്റ് കമ്മിറ്റികൾ എന്നിവയാണ് വില നിശ്ചയിക്കുന്നത്. ഈ ഉൽപ്പന്നങ്ങൾ ഈ മേഖലയിലെ മറ്റ് വിപണന സ്ഥാപനങ്ങളിലെ ഉൽപ്പന്നങ്ങളിൽ നിന്നും വ്യത്യസ്തമാണ്. അതിനാൽ ഇവയുടെ വില ഗുണമേന്മയുടെ അടിസ്ഥാനത്തിലാണ് നിശ്ചയിക്കുന്നത്.

സെക്ഷൻ ഓഫീസർ

## List of Vanasree Units

| Sl No | Name of Division/ Forest Development Agency | Name of Vanasree Unit |
|---|---|---|
| [illegible] | Achencoil | Manalar-Kumbhavurutty |
| 2 | Alappuzha Social Forestry | Kommadi |
| 3 | Chalakudy | Chalakkudy |
| 4 | Konni | Konni |
| 5 | Kothamangalam | Thommankuthu |
| 6 | Malayattoor | Mobile Vanasree unit |
| 7 | Malayattoor | Paneliporu |
| 8 | Malayattoor | Kodanad |
| 9 | Marayoor | Marayoor |
| 10 | Munnar Wildlife | 5th Mile |
| 11 | Munnar Wildlife | Alampetty |
| 12 | Munnar Wildlife | Anamudi Shola |
| 13 | Munnar Wildlife | Lakkam |
| 14 | Munnar Wildlife | Rajamala |
| 15 | Nilambur North | Aruvakode |
| 16 | Nilambur South | Nedumgayam (Manjeri) |
| 17 | North Wayanad | Kalindi |
| 18 | North Wayanad | Manathavady |
| 19 | North Wayanad | Plamoola |
| 20 | North Wayanad | Thrissileri |
| 21 | Parambikulam | Anappady |
| 22 | Parambikulam | Malampuzha |
| 23 | Parambikulam | Parambikulam |
| 24 | Periyar East | Thekkady |
| 25 | Punalur | Ayur |
| 26 | Ranni | Kochandi |
| 27 | Shenduruny | Sheunduruny |
| 28 | Silent Valley National Park | Mukkali |
| 29 | South Wayanad | Pakkom-Kuruva |
| 30 | South Wayanad | Soochippara |
| 31 | Thenmala | Palaruvi |
| 32 | Thiruvananthapuram | Forest Headquarters, Thiruvananthapuram |
| 33 | Thiruvananthapuram | Mobile Vanasree unit |
| 34 | Vazhachal | Athirappally |
| 35 | Vazhachal | Vazhachal |
| 36 | Wayand Wildlife | Muthanga |
| 37 | Wildlife Division, Thiruvananthapuram (Neyyar-Peppara) | Neyyar |